Sunday Vol. 14 No. 22 CYCLE - C

# വെർബും ദോമിനി
VERBUM DOMINI

ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ

2025 ഏപ്രിൽ 20

## ഉയിർപ്പുഞായർ

# ശൂന്യമായ കല്ലറ

ഡോ. മാർട്ടിൻ N ആന്റണി O. de M



ശൂന്യമായ കല്ലറ: ഹൃദയസ്പർശിയായ ചില ചോദ്യങ്ങളും സാന്ത്വന ദർശനങ്ങളും നൽകിയ ഒരിടം. അതെ, ഉത്ഥാനത്തിന്റെ ആദ്യ അടയാളം ശൂന്യമായ കല്ലറയാണ്.

മരണത്തിന്റെ കണക്കെടുപ്പിൽ നിന്നും ഒരു ശരീരം കാണ്മാനില്ല. ആരുടെയൊക്കെയോ പാപങ്ങളും ചുമലിലേറ്റി ബലിയായവന്റെതാണ് അത്. അവന്റെ ശരീരത്തിനു മുന്നിൽ മരണം നിസ്സഹായകമാകുന്നു. എല്ലാവരെയും തോൽപ്പിച്ച മരണത്തിന് അവന്റെ മുമ്പിൽ പരാജയം സംഭവിച്ചിരിക്കുന്നു. മരണമെന്ന വേട്ടക്കാരൻ തോറ്റിരിക്കുന്നു. ഇനി മുതൽ ലോകം ശ്മശാന സമമല്ല. യേശുവിന്റെ ഉത്ഥാനം അതിനു പുതിയ മാനം നൽകിയിരിക്കുന്നു. ഇരയുടെ മേൽ ആരാച്ചാർക്ക് ഇനി ഒരു അധികാരവുമില്ല. മുറിവുകൾ ഇനി പ്രതികാരം പ്രഘോഷിക്കുകയുമില്ല. സ്വർഗ്ഗീയ വസന്തത്താൽ ജീവിത പൂങ്കാവനത്തിൽ പുതിയ പൂക്കൾ തളിരിടുന്നു.

ആഴ്ചയുടെ ആദ്യദിവസം, സൂര്യനുദിക്കുന്നതിനു തൊട്ടു മുമ്പ്, ഉത്ഥിതൻ പ്രത്യക്ഷനാകുന്നതിനു മുൻപ്, ഒഴിഞ്ഞ കല്ലറയുടെ അരികിൽ വിശ്വാസത്തിന്റെ ആദ്യ നാമ്പുകൾ മുളപൊട്ടി. അതിരാവിലെ, ഇരുളിനും വെളിച്ചത്തിനും മധ്യേ, അവനെ സ്നേഹിച്ച ചില സ്ത്രീകൾ കല്ലറയുടെ അടുത്തേക്കു സുഗന്ധദ്രവ്യങ്ങളുമായി പോയിരിക്കുന്നു, അവർക്കു മാത്രം അറിയാവുന്ന മൃത്യുപരിപാലനം നടത്തുന്നതിനായി.

"അവർ അകത്തുകടന്നു നോക്കിയപ്പോൾ കർത്താവായ യേശുവിന്റെ ശരീരം കണ്ടില്ല" (v. 3). ആഖ്യാനം വളരെ ശാന്തമാണ്, ഒപ്പം അമ്പരന്ന് നിൽക്കുന്ന ആ സ്ത്രീകളെപ്പോലെ വഴിമുട്ടി നിൽക്കുകയുമാണ്. മുന്നോട്ടു പോകാൻ വേണം ഒരു സ്വർഗ്ഗീയ ഇടപെടൽ. അതാ, രണ്ടു മാലാഖമാർ. ആഖ്യാനം പുനരാരംഭിക്കുന്നു. അസാധ്യം എന്നു കരുതിയത് സാധ്യമായിരിക്കുന്നു: "അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു" (v. 5). പക്ഷെ വിശ്വസിക്കാൻ മാലാഖമാരുടെ വാക്കുകൾ മാത്രം പോരാ. അടയാളമായി എന്തെങ്കിലും വേണം. അതാ, ചില കാര്യങ്ങൾ ഓർത്തെടുക്കാൻ മാലാഖമാർ നിർബന്ധിക്കുന്നു: "ഗലീലിയിൽ ആയിരുന്നപ്പോൾ അവൻ നിങ്ങളോട് പറഞ്ഞത് ഓർക്കുവിൻ" (v. 7). ഓർക്കുവിൻ, ക്രൂശിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കും എന്ന യേശുവിന്റെ ഉറപ്പിനെ. "അപ്പോൾ അവർ അവന്റെ വാക്കുകൾ ഓർമ്മിച്ചു" (v. 8).

ആ സ്ത്രീകൾ ഓർമ്മിച്ചു, അങ്ങനെ അവർ വിശ്വസിച്ചു. മാലാഖമാരുടെ വാക്കുകളിലല്ല, യേശുവിന്റെ ഉറപ്പിലാണ് അവർ വിശ്വസിച്ചത്. ഹൃദയത്തിൽ അവർ സൂക്ഷിച്ച യേശുവിന്റെ വചനമാണ് അവന്റെ ഉത്ഥാനത്തിൽ വിശ്വസിക്കുവാൻ ശക്തിയാകുന്നത്. സ്നേഹമുള്ളവർക്കേ വാക്കുകളെ ഹൃദയത്തിൽ സൂക്ഷിക്കാൻ സാധിക്കൂ. അങ്ങനെയുള്ളവർക്കേ ഓർമ്മയുണ്ടാകുകയുള്ളൂ. അവനെ അവർ അത്രയധികം സ്നേഹിച്ചിരുന്നു, അതുകൊണ്ടു തന്നെ ഉത്ഥിതനെ നേരിട്ട് കാണാതെ വിശ്വസിക്കാനും സാധിച്ചു. യേശുവിന്റെ വചനം ഒരു മധുരസ്മരണയായി മനസ്സിലേക്ക് വരാത്തവർക്ക് ശൂന്യമായ കല്ലറയും മാലാഖമാരുടെ സ്വർഗ്ഗീയ സാന്നിധ്യവും ഉത്ഥാനത്തിന്റെ അനുഭവമായി മാറില്ല. അതുകൊണ്ടാണ് അവന്റെ കൂടെ നടന്നവരിൽ ചിലർക്കുപോലും സ്ത്രീകൾ നൽകിയ സാക്ഷ്യത്തെ കെട്ടുകഥപോലെ തോന്നിയത്. ഉത്ഥാനം ഒരു അനുഭവമാകണോ? തത്വം ലളിതമാണ്; ആദ്യം അവന്റെ വചനത്തിൽ വിശ്വസിക്കുക.

"എന്നാൽ പത്രോസ് എഴുന്നേറ്റ് കല്ലറയിങ്കലേക്ക് ഓടി" (v. 12). ഗുരുവിനെ തള്ളി പറഞ്ഞവനാണവൻ. കുറ്റബോധത്താൽ ഹൃദയം നുറുങ്ങി തേങ്ങിയവനാണവൻ. എങ്കിലും ഉള്ളിൽ സ്നേഹം ജീവനോടെയുണ്ട്. അതുകൊണ്ട് ഗുരുവിന്റെ വരവിനെ ആര് അവിശ്വസിച്ചാലും അവൻ വിശ്വസിക്കും. കാരണം, ദൗർബല്യത്തിന്റെ ചുഴിയിൽ നിന്നും ഉയിർത്തെഴുന്നേറ്റവനാണവൻ. മരണത്തിന്റെ പടിവാതിൽ വരെ പോയവനാണവൻ. യൂദാസിനെപോലെ അവൻ ആത്മഹത്യ ചെയ്തില്ല. മറിച്ച് കലങ്ങിയ കണ്ണുകളോടെ അവൻ കാത്തിരുന്നു. അവനും ഓടുന്നു കല്ലറയിലേക്ക്. കണ്ടതോ ഗുരുവിന്റെ ശരീരം പൊതിഞ്ഞിരുന്ന തുണികൾ തനിയെ കിടക്കുന്നതും. എന്നിട്ടും അവൻ സംശയിച്ചില്ല, "സംഭവിച്ചതിനെപ്പറ്റി വിസ്മയിച്ചുകൊണ്ട് അവൻ തിരിച്ചു പോയി" (v. 12). എന്താണ് വിസ്മയം? സംസ്കൃതത്തിൽ 'സ്മയം' ആണത്. സ്മയത്തിന് പുഞ്ചിരി എന്ന് അർത്ഥം. പുഞ്ചിരി പടർത്തുന്ന കാഴ്ചയാണ് അവൻ കണ്ടത്. ശൂന്യമായ കല്ലറ; സന്തോഷം നൽകുന്ന കാഴ്ചയാണത്. അതെ, ആനന്ദിക്കുവിൻ, ഗുരുനാഥൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു.

**ആമുഖം** സ്നേഹമുള്ളവരെ, നമ്മുടെ കര്‍ത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാന മഹോത്സവം നാം ഇന്ന് സാഘോഷം കൊണ്ടാടുകയാണ്. ഭൂമിയില്‍ നിന്നും സ്വര്‍ഗ്ഗത്തില്‍ എത്തിച്ചേരാനുള്ള ഒരു പ്രയത്നത്തിലായിരുന്നു കഴിഞ്ഞ നാല്‍പത് ദിനങ്ങളായി നാം ഓരോരുത്തരും. മരണത്തെ ജയിച്ച് ഉയിര്‍ത്തെഴുന്നേറ്റ ക്രിസ്തു തന്റെ ദൗത്യം പൂര്‍ത്തീകരിച്ചു. എന്നാല്‍ നമ്മുടെ യാത്ര എവിടെ വരെ എത്തി നില്‍ക്കുന്നു എന്ന് നാം തന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ ഒരു ദിവസത്തെ ബാഹ്യമായ ആഘോഷങ്ങളില്‍ മുഴുകി തീര്‍ക്കേണ്ടതല്ല, തപസ്സിലൂടെയും പരിത്യാഗപ്രവൃത്തികളിലൂടെയും നാം നേടിയെടുത്ത പുണ്യയോഗ്യതകള്‍. ശൂന്യമായ കല്ലറയും, മാറ്റി വയ്ക്കപ്പെട്ട കച്ചയും യേശു സത്യമായും ഉത്ഥാനം ചെയ്തു എന്ന ബോധ്യം ശിഷ്യന്മാര്‍ക്ക് നല്‍കിയതുപോലെ നമ്മിലെ പുത്തന്‍ ചിന്താഗതിയും, പുതിയ തീരുമാനങ്ങളും, പുത്തന്‍ ഉണര്‍വ്വും ഒരു മാറ്റത്തിന് കാരണമാകട്ടെ. അങ്ങനെ ക്രിസ്തുവിനോടുകൂടെ ഒരു പുതിയ സൃഷ്ടിയായി നമുക്കും ഉയിര്‍ത്തെഴുന്നേല്‍ക്കാം. അതിനുവേണ്ട കൃപാവരങ്ങള്‍ക്കായി പ്രാര്‍ത്ഥിച്ചുകൊണ്ട് ബലിയര്‍പ്പണത്തിനായി നമ്മെ തന്നെ ഒരുക്കാം.

## ഒന്നാം വായന

### അപ്പസ്തോലന്‍മാരുടെ പ്രവര്‍ത്തനങ്ങളില്‍നിന്ന് (10 : 34a, 37-43)

*(അവന്റെ പുനരുത്ഥാനത്തിനുശേഷം ഞങ്ങള്‍ അവനോടുകൂടെ ഭക്ഷിക്കയും പാനംചെയ്കയും ചെയ്തു)*

അക്കാലത്ത്, പത്രോസ് പ്രഭാഷണമാരംഭിച്ചു: യോഹന്നാന്‍ പ്രസംഗിച്ച സ്നാനത്തിനുശേഷം ഗലീലിയില്‍ ആരംഭിച്ച് യൂദയാ മുഴുവനിലും സംഭവിച്ച കാര്യങ്ങള്‍ നിങ്ങള്‍ക്ക് അറിവുള്ളതാണല്ലോ. നസറായനായ യേശുവിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം എങ്ങനെ അഭിഷേകം ചെയ്തുവെന്നും അവന്‍ എപ്രകാരം നന്‍മ പ്രവര്‍ത്തിച്ചുകൊണ്ടും പിശാചിനാല്‍ പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തിക്കൊണ്ടും ചുറ്റി സഞ്ചരിച്ചുവെന്നും നിങ്ങള്‍ക്ക് അറിയാം. ദൈവം അവനോടുകൂടെയുണ്ടായിരുന്നു. യഹൂദന്‍മാരുടെ ദേശത്തും ജറുസലെമിലും അവന്‍ ചെയ്ത എല്ലാ കാര്യങ്ങള്‍ക്കും ഞങ്ങള്‍ സാക്ഷികളാണ്. അവര്‍ അവനെ മരത്തില്‍ തൂക്കിക്കൊന്നു. എന്നാല്‍, ദൈവം അവനെ മൂന്നാം ദിവസം ഉയിര്‍പ്പിക്കുകയും പ്രത്യക്ഷനാക്കുകയും ചെയ്തു. എല്ലാവര്‍ക്കുമല്ല, സാക്ഷികളായി ദൈവം മുന്‍കൂട്ടി തെരഞ്ഞെടുത്ത ഞങ്ങള്‍ക്കു മാത്രം. അവന്‍ മരിച്ചവരില്‍നിന്ന് ഉയിര്‍ത്തെഴുന്നേറ്റതിനുശേഷം, അവനോടു കൂടെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്തവരാണ് ഞങ്ങള്‍. ജീവിച്ചിരിക്കുന്നവരുടെയും മരിച്ചവരുടെയും വിധികര്‍ത്താവായി ദൈവം നിയോഗിച്ചിരിക്കുന്നവന്‍ അവനാണ് എന്ന് ജനങ്ങളോടു പ്രസംഗിക്കാനും സാക്ഷ്യം വഹിക്കാനും ഞങ്ങള്‍ക്കു കല്‍പന നല്‍കി. അവനില്‍ വിശ്വസിക്കുന്ന എല്ലാവരും അവന്‍െറ നാമം വഴി പാപമോചനം നേടുമെന്നു പ്രവാചകന്‍മാര്‍ അവനെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നു.

കര്‍ത്താവിന്റെ വചനം.

## പ്രതിവചനസങ്കീര്‍ത്തനം

### (118 : 1-2, 15b, 16a-17, 22-23)

### കര്‍ത്താവ് ഒരുക്കിയ ദിവസമാണിന്ന്: ഇന്നു സന്തോഷിച്ചുല്ലസിക്കാം

കര്‍ത്താവിനു കൃതജ്ഞത അര്‍പ്പിക്കുവിന്‍; അവിടുന്നു നല്ലവനാണ്; അവിടുത്തെ കാരുണ്യം എന്നേക്കും നിലനില്‍ക്കുന്നു. അവിടുത്തെ കാരുണ്യം ശാശ്വതമാണെന്ന് ഇസ്രായേല്‍ പറയട്ടെ!

**കര്‍ത്താവു നല്‍കിയ .....**

കര്‍ത്താവിന്‍െറ വലത്തുകൈ കരുത്തു പ്രകടമാക്കി. കര്‍ത്താവിന്‍െറ വലത്തുകൈ മഹത്വമാര്‍ജിച്ചിരിക്കുന്നു; ഞാന്‍ മരിക്കുകയില്ല, ജീവിക്കും; ഞാന്‍ കര്‍ത്താവിന്‍െറ പ്രവൃത്തികള്‍ പ്രഘോഷിക്കും.

**കര്‍ത്താവു നല്‍കിയ .....**

പണിക്കാര്‍ ഉപേക്ഷിച്ചുകളഞ്ഞ കല്ല് മൂലക്കല്ലായിത്തീര്‍ന്നു. ഇതു കര്‍ത്താവിന്‍െറ പ്രവൃത്തിയാണ്; ഇതു നമ്മുടെ ദൃഷ്ടിയില്‍ വിസ്മയാവഹമായിരിക്കുന്നു.

**കര്‍ത്താവു നല്‍കിയ .....**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലന്‍ കൊളോസോസുകാര്‍ക്ക് എഴുതിയ ലേഖനത്തില്‍നിന്ന് (3 : 1-4)

*(ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിന്‍)*

സഹോദരരേ, ക്രിസ്തുവിനോടൊപ്പം നിങ്ങള്‍ ഉയിര്‍പ്പിക്കപ്പെട്ടെങ്കില്‍ ദൈവത്തിന്‍െറ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിന്‍. ഭൂമിയിലുള്ള വസ്തുക്കളിലല്ല, പ്രത്യുത, ഉന്നതത്തിലുള്ളവയില്‍ ശ്രദ്ധിക്കുവിന്‍. എന്തെന്നാല്‍, നിങ്ങള്‍ മൃതരായിരിക്കുന്നു. നിങ്ങളുടെ ജീവന്‍ ക്രിസ്തുവിനോടൊപ്പം ദൈവത്തില്‍ നിഗൂഢമായി സ്ഥിതിചെയ്യുന്നു. നമ്മുടെ ജീവനായ ക്രിസ്തു പ്രത്യക്ഷനാകുമ്പോള്‍ അവനോടുകൂടെ നിങ്ങളും മഹത്വത്തില്‍ പ്രത്യക്ഷപ്പെടും.

കര്‍ത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (1 Cor. 5, 7b-8a) നമ്മുടെ പെസഹാക്കുഞ്ഞാടായ മിശിഹാ ബലി ചെയ്യപ്പെട്ടിരിക്കുന്നു. ആകയാല്‍, പരമാര്‍ത്ഥതയും സത്യസന്ധതയുമാകുന്ന

പുളിപ്പില്ലാത്ത മാവുകൊണ്ടു തിരുനാൾ ആഘോഷിക്കാം - അല്ലേലൂയാ!

## സുവിശേഷം

### യോഹന്നാന്റെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (20 : 1-9)

*(അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടതായിരുന്നു)*

ആഴ്ചയുടെ ഒന്നാം ദിവസം അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേനമറിയം ശവകുടീരത്തിൻെറ സമീപത്തേക്കു വന്നു. ശവകുടീരത്തിൻെറ കല്ലു മാറ്റപ്പെട്ടിരിക്കുന്നതായി അവൾ കണ്ടു. അവൾ ഉടനെ ഓടി ശിമയോൻ പത്രോസിൻെറയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യൻെറയും അടുത്തെത്തി പറഞ്ഞു: കർത്താവിനെ അവർ കല്ലറയിൽനിന്നു മാറ്റിയിരിക്കുന്നു. എന്നാൽ, അവനെ അവർ എവിടെ വച്ചുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. പത്രോസ് ഉടനെ മറ്റേ ശിഷ്യനോടു കൂടെ കല്ലറയുടെ അടുത്തേക്കു പോയി. അവർ ഇരുവരും ഒരുമിച്ച് ഓടി. എന്നാൽ, മറ്റേ ശിഷ്യൻ പത്രോസിനെക്കാൾ കൂടുതൽ വേഗം ഓടി ആദ്യം കല്ലറയുടെ അടുത്തെത്തി. കുനിഞ്ഞു നോക്കിയപ്പോൾ കച്ച കിടക്കുന്നത് അവൻ കണ്ടു. എങ്കിലും അവൻ അകത്തു പ്രവേശിച്ചില്ല. അവൻെറ പിന്നാലെ വന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്തു ചുരുട്ടി വച്ചിരിക്കുന്നതും അവൻ കണ്ടു. അപ്പോൾ കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്തു പ്രവേശിച്ച് കണ്ടു വിശ്വസിച്ചു. അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്ന തിരുവെഴുത്ത് അവർ അതുവരെ മനസ്സിലാക്കിയിരുന്നില്ല.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, തന്റെ പ്രിയ പുത്രന്റെ കുരിശുമരണത്തിലൂടെ നമുക്ക് നിത്യരക്ഷ പ്രദാനം ചെയ്ത സർവ്വശക്തനും നിത്യനുമായ ദൈവപിതാവിന്റെ മുമ്പിൽ നമ്മുടെ ഏക മദ്ധ്യസ്ഥനായ ക്രിസ്തു വഴി നമ്മുടെ എളിയ പ്രാർത്ഥനകളും, യാചനകളും സമർപ്പിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, അങ്ങെ തിരുക്കുമാരൻ തന്റെ തിരുരക്തത്താൽ വീണ്ടെടുത്ത അങ്ങെ പ്രിയ മക്കൾക്ക് വഴികാട്ടിയും, മാർഗ്ഗദർശിയും, സഭയുടെ അമരക്കാരനുമായി അങ്ങ് നിയോഗിച്ച പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ അഭിഷിക്തരെയും അങ്ങെ അരൂപിയാൽ നിറയ്ക്കണമെ. കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു എന്ന് ഉറക്കെ പ്രഘോഷിക്കുവാനും, അനേകർക്ക് അത് പകർന്നു നൽകുവാനും വേണ്ട ആത്മീയ ഉണർവ്വും, നവ ചൈതന്യവും നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. പരിപാലകനായ ദൈവമേ, അങ്ങെ തിരുക്കുമാരന്റെ ഉത്ഥാന മഹോത്സവത്തിന്റെ ആനന്ദത്തിൽ പങ്കുചേരുന്ന ഞങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കണമെ. നാൽപ്പതു ദിവസത്തെ പ്രാർത്ഥനയുടെയും, പരിത്യാഗപ്രവൃത്തികളുടെയും ഫലമായി നേടിയെടുത്ത ആത്മീയ നന്മകളുടെ തിളക്കം നഷ്ടപ്പെടുത്താതെ, ജീവിതത്തിലുടനീളം അവയുടെ പുണ്യഫലങ്ങൾ അനുഭവിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. രക്ഷകനായ ദൈവമേ, അനുദിന ജീവിതത്തിലെ കുരിശുകളാകുന്ന വേദനകളും, സഹനങ്ങളും, ദുരിതങ്ങളുമെല്ലാം ഉത്ഥാന മഹിമ പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളാണെന്ന തിരിച്ചറിവ് ഞങ്ങൾക്ക് നൽകണമെ. ഉത്ഥിതനായ ക്രിസ്തുനാഥൻ നൽകുന്ന സന്തോഷവും, സമാധാനവും, പ്രത്യാശയും അനേകർക്ക് പകർന്നു നൽകുന്ന കൃപയുടെ നീർച്ചാലുകളായി ഞങ്ങളുടെ ജീവിതത്തെ മാറ്റണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സ്നേഹ താതാ, അങ്ങയുടെ അളവില്ലാത്ത സ്നേഹത്തിന്റെ നീർച്ചാലിലേയ്ക്ക് നാളെയുടെ പ്രതീക്ഷയായ എല്ലാ യുവജനങ്ങളെയും നയിക്കണമെ. മഗ്ദലേനമറിയത്തെ പോലെ അങ്ങേയ്ക്കുവേണ്ടി തുറന്നിരിക്കുന്ന ഒരു ഹൃദയവും, അന്യർക്കുവേണ്ടി അക്ഷീണം പ്രവർത്തിക്കുവാനുള്ള നല്ല മനസ്സും നൽകിക്കൊണ്ട് ഉത്ഥിതനായ ക്രിസ്തുവിന്റെ ഉത്തമ സാക്ഷികളായി തീരുവാൻ ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. പുനരുത്ഥാനവും ജീവനുമായ നാഥാ, വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും എന്ന തിരുവചനത്തിന്റെ ശക്തിയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് തങ്ങളെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ പൂർത്തിയാക്കി ഈ ലോകത്തിൽ നിന്നും അങ്ങ് ഒരുക്കിയിരിക്കുന്ന നിത്യസമ്മാനം സ്വീകരിക്കുവാൻ യാത്രയായ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെ വീഴ്ചകൾ പരിഗണിക്കാതെ, അങ്ങെ തിരുമുഖദർശനം സാധ്യമാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, നോമ്പുകാല ജീവിതത്തിലൂടെ ഞങ്ങൾക്ക് കൈവന്ന വിശുദ്ധിയും, ചൈതന്യവും ഈ ഉയിർപ്പുകാലത്തിലുടനീളം നിലനിർത്തി, അങ്ങെ പ്രിയ മക്കളായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. മിഷ OFHS

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

ഈ തിരുയാഗ വേദിയൊരുക്കാൻ
വരുവിൻ ഒന്നായ് ദൈവജനമേ
ഈ ബലിവേദിയിൽ ബലിയേകാൻ
വരുവിൻ ഒന്നായ് ദൈവജനമേ (2)
സ്നേഹ പിതാവാം ദൈവത്തിനായ് ബലിയാകാൻ
വരുവിൻ ഒന്നായ് ദൈവജനമേ (2)

വിശുദ്ധി തൻ ബലിപീഠേ
കർത്താവിൻ കബറിടേ
അനുരഞ്ജിതരായ് ബലിയാകാം
കടങ്ങൾ തൻ പൊറുതിക്കും
പാപത്തിൻ മുക്തിക്കും
അനുതാപമോടൊന്നായ് അണയാം (2)
(ഈ തിരുയാഗ.......)

### കാഴ്ചവയ്പ് ഗാനം

കനിവോടെ കൈക്കൊള്ളൂ സർവ്വേശ്വരാ
എൻ കരതലം നീട്ടുമീ കാഴ്ച്ചദ്രവ്യങ്ങൾ (2)
അഴലെഴും മമ ജീവനിൽ അഴുകിടും മമ ഹൃദയവും
കരുണ തൻ കടലേ നിന്റെ മുമ്പിൽ വയ്ക്കുന്നു
(കനിവോടെ...........)

അപ്പമേന്തും താലവും
വീഞ്ഞു നിറയും കാസയും
ഒപ്പമീ ചെറു കാഴ്ച്ചയും
സ്വീകരിക്കണമേ (2)
ഹൃദയ വീണ തന്ത്രിയിൽ
തിരുജപങ്ങൾ മീട്ടി ഞാൻ
മനമറിഞ്ഞു പാടിടാം
കരുണ തോന്നണമേ (കനിവോടെ...........)

### ദിവ്യകാരുണ്യ ഗാനം

നിൻ പാദം പുണർന്നു ഞാൻ
ഒന്നു ആരാധിക്കട്ടെ
എൻ കരങ്ങൾ തിരുപ്പാദേ ഞാൻ
ഒന്നു ചേർത്തുവയ്ക്കട്ടെ (2)
നന്മ ചെയ്തു സഞ്ചരിച്ച പാദങ്ങൾ
ഒന്നു ചുംബിച്ചീടട്ടെ
ജീവന്റെ നാഥനാം യേശുവേ
എന്റെ തമ്പുരാനേ

ഉത്ഥാനം ചെയ്തവനേ
ഞങ്ങൾ ആരാധിക്കുന്നു
മരണത്തെ ജയിച്ചവനേ
ഞങ്ങൾ ആരാധിക്കുന്നു (2)

ആണിയേറ്റ ദിവ്യപാദം
സ്നേഹമോടെ പുണർന്നിടട്ടെ
കൈകൾ നീട്ടി നിൻ തിരുമാറിൽ
എന്നെ ചേർത്തിടണേ (2)
ദൈവസ്നേഹം നിറച്ചിടേണേ
അഭിഷേകങ്ങൾ ചൊരിഞ്ഞിടേണേ
ഉത്ഥാനത്തിൻ അത്ഭുതശക്തി
എന്നിൽ നിറയ്ക്കണേ (2) (ഉത്ഥാനം......)

| Apr | വിശുദ്ധർ | വായനകൾ |
|---|---|---|
| 21 Mon | St. Anselm | Act 2: 14. 22-33/ Ps 16: 1-2a and 5. 7-8. 9-10. 11/ Mt 28: 8-15 |
| 22 Tue | St. Abdiesus | Act 2: 36-41/ Ps 33: 4-5. 18-19. 20 and 22/ Jn 20: 11-18 |
| 23 Wed | St. George | Act 3: 1-10/ Ps 105: 1-2. 3-4. 6-7. 8-9/ Lk 24: 13-35 |
| 24 Thu | St. Fidelis of Sigmaringen | Act 3: 11-26/ Ps 8: 2a and 5. 6-7. 8-9/ Lk 24: 35-48 |
| 25 Fri | St. Mark | Act 4: 1-12/ Ps 118: 1-2 and 4. 22-24. 25-27a/ Jn 21: 1-14 |
| 26 Sat | St. Cletus | Act 4: 13-21/ Ps 118: 1 and 14-15. 16ab and 17-18. 19-21/ Mk 16: 9-15 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.